SET A

സമഗ്ര ശിക്ഷാ, കേരളം
പാദവാർഷിക മൂല്യനിർണയം 2019-20

**912**

# മലയാളം
# അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ് IX

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

- പതിനഞ്ചുമിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**

(4 x 1 = 4)

1. "സാധോ, വേദനയ്ക്കു വേണ്ടിത്താനോ ചോദിപ്പൂ വീണ്ടും."
ദേവന്റെ ചോദ്യത്തിൽ തെളിയുന്ന ഭാവമെന്ത്?
   - നിരാശ
   - പ്രതിഷേധം
   - അനിഷ്ടം
   - ആശ്ചര്യം

2. സുമനയുടെ പുരികമുയർന്നു. മക്കളുടെ മിഴികളിൽ ആകാംക്ഷത്താമര.
അടിവരയിട്ട പദത്തിന്റെ വിഗ്രഹാർഥം എടുത്തെഴുതുക.
   - താമരയാകുന്ന ആകാംക്ഷ
   - ആകാംക്ഷയിലുള്ള താമര
   - ആകാംക്ഷയാകുന്ന താമര
   - ആകാംക്ഷയും താമരയും

3. "എല്ലാമെല്ലാം കഴിഞ്ഞപ്പോളമ്മാമരം കലുഷമാം
സ്വർലോകത്തിൻ നടയിങ്കൽക്കരഞ്ഞു നിന്നു."
മാമരം കരഞ്ഞതിനു കാരണമെന്താവാം?
   - ജന്മം സഫലമായില്ലെന്ന തിരിച്ചറിവ്
   - വീണ്ടുമൊരു സഫലജീവിതം ആവശ്യപ്പെട്ട്
   - ഉരുളൻകല്ലുകൾക്കൊക്കെ ചിറകുമുളച്ചതിന്
   - വേനൽ ചുഴന്നൂതിയൂതിയതിന്

4. "അതേസമയം അതിൽനിന്ന് കണ്ണുപറിക്കാൻ അത് നമ്മെ അനുവദിക്കുകയില്ല."
'കണ്ണുപറിക്കുക' എന്ന പ്രയോഗം കൊണ്ട് അർഥമാക്കുന്നതെന്ത്?
   - നോക്കിക്കൊണ്ടേയിരിക്കുക
   - നോട്ടം അനുവദിക്കാതിരിക്കുക
   - നോട്ടം പിൻവലിക്കുക
   - നോക്കാതിരിക്കുക

5. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.
പീലിയെ വാരിയെടുത്തു ഞാൻ ഉമ്മവെച്ചു. പിന്നെ ആശ്വസിപ്പിച്ചു.

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരം എഴുതുക.** **(2x 2= 4)**

6. "പിന്നത്തെ വസന്തത്തോടുമർത്ഥിക്കയായ്,
ഭഗവാനേ തന്നരുൾകെനിക്കു വീണ്ടും സഫലജന്മം" -
സഫലം എന്ന പദത്തിന്റെ രണ്ട് അർഥതലങ്ങൾ കുറിക്കുക.

7. "ചെമ്പകപുഷ്പസുവാസിതയാമം" മൂളിക്കൊണ്ട് ഞാൻ കഴുത്തു പൊക്കി നോക്കി. ഏഴാംനിലയിൽനിന്ന് ഇലകൾ താഴേക്ക് നോക്കി തലയാട്ടുന്നു.
ഇലകൾ താഴേക്ക് നോക്കി തലയാട്ടുന്നതായി അരവിന്ദാക്ഷന് തോന്നിയതെന്തുകൊണ്ടാവാം? രണ്ടുവാക്യത്തിൽ എഴുതുക.

8. "വേനൽ ചുഴന്നൂതിയൂതിയതിൻ നിക്ഷേപമോരോന്നും
മാണിക്യരത്നങ്ങളാകാൻ മുതിർന്നേയുള്ളൂ"
സമാനാശയമുള്ള വരികൾ എടുത്തെഴുതുക.

- കണ്ട പറമ്പിലെ കാണായ മാവിനെ
കല്ലേറിയും പണിയായിരുന്നു
- പൂത്തുനിൽക്കും മാവിൻ മൂത്തകൊമ്പിൽ
പാട്ടൊന്നു പാടി കിളിചിലച്ചു
- മുകിലുകൾ മേയും കുന്നിൻചരിവിലൊരമ്പലമുണ്ടല്ലോ
അമ്പലനടയിൽ പന്തലിടുന്നൊരു മാമരമുണ്ടല്ലോ
- തുംഗമാം മീനച്ചൂടാൽ തൈമാവിൻ മരതക-
ക്കിങ്ങിണി സൗഗന്ധികസ്വർണമായ്ത്തീരും മുൻപേ

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരം എഴുതുക. (അരപ്പുറം)**
**(5 x 4 = 20)**

9.
- "പ്രതിവർഷം കോടാനുകോടി ഡോളറിന്റെ ആദായമുണ്ടാക്കുന്ന വെള്ളച്ചാട്ടത്തെ ഇരുരാജ്യങ്ങളും സൗഹാർദപരമായി പങ്കിടുകയാണ്. ഞാൻ നമ്മുടെ കാവേരി കാര്യങ്ങൾ ഓർത്തു, മറന്നുകളഞ്ഞു."
- "ഡേവിഡ് ലിവിങ്സ്റ്റൺ വിക്ടോറിയാ വെള്ളച്ചാട്ടം കണ്ടുപിടിച്ചു എന്നു പറയുന്നത് എന്തൊരു അസംബന്ധമാണ്."

കാഴ്ചയുടെ വർണനകൾ മാത്രമല്ല, സാമൂഹികവിമർശനവും യാത്രാവിവരണങ്ങളിലുണ്ട്.
മുകളിൽ കൊടുത്ത ഭാഗങ്ങൾ വിശകലനം ചെയ്ത് പ്രസ്താവനയോട് പ്രതികരിക്കുക.

10. "സമൃദ്ധിതൻ കണ്ണീരെത്ര പുളിച്ചാലും വരം; അയ്യോ,
ദരിദ്രന്റെ മരവിപ്പാണസഹനീയം."
വരികളിൽ പ്രകടമാകുന്ന കവിയുടെ ജീവിതവീക്ഷണം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

11. "അയൽപ്പാതവക്കത്തന്നു വഴിപ്പണിക്കുടച്ചിട്ടോ-
രുരുളൻകല്ലുകൾക്കൊക്കെച്ചിറകും വന്നു."
- കാവ്യഭംഗി വിശകലനം ചെയ്യുക.

12. "പത്തുവർഷമായി ഒരു പൂച്ചെടിപോലുമില്ലാതിരുന്ന വീട്ടിലേക്ക് ഇലഞ്ഞി കടന്നുവന്നതോടെ ദിവസങ്ങളുടെ താളക്രമംതന്നെ മാറി."

ഇലഞ്ഞിയുടെ വരവോടെ അരവിന്ദാക്ഷനും കുടുംബാംഗങ്ങൾക്കുമുണ്ടായ മാറ്റം എങ്ങനെയൊക്കെയാണ് കഥയിൽ ആവിഷ്കരിക്കുന്നത്? കുറിപ്പ് തയാറാക്കുക.

13. "വിശാലമായി ഒഴുകിവന്ന മഹാനദി, ഒരു നിമിഷംകൊണ്ട് തകിടംമറിഞ്ഞ് താഴത്തെ കരിമ്പാറകളിൽ പുകഞ്ഞുകൊണ്ട് കുത്തനെ കുതിച്ചുയരുന്ന ഒരു ധവളഭിത്തിയായി മാറുന്നു."

രചനാപരമായ സവിശേഷതകൾ വിശദമാക്കുക.

14. • 'പൂക്കൾ വിടരുന്ന ഒരു ചെടി തൊട്ടടുത്ത് വളരുന്നത് മക്കൾക്ക് ഇനി മുതൽ കാണാം" (ഹരിതമോഹനം)

• "ഫ്ളാറ്റിലെ ബാൽക്കണിത്തുഞ്ചത്തു കർക്കട-
ക്കാറ്റും മഴയും കൊടി ചുരുക്കി." (പുതുവർഷം - വിജയലക്ഷ്മി)

നഗരജീവിതം അനുഭവങ്ങളെ പരിമിതപ്പെടുത്തുന്നത് എങ്ങനെയൊക്കെയാണ്? കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി വിശദീകരിക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരം എഴുതുക. (ഒരുപുറം)**

**(2 x 6 = 12)**

15. • "ടെറസിൽ ഇലഞ്ഞിക്കടുത്തായി ചെമ്പകവും ഞാൻ വച്ചു. രണ്ടു മരത്തെ ഒന്നിച്ചു കണ്ടപ്പോൾ മനസ്സിനു വല്ലാത്തൊരു സന്തോഷം തോന്നി" - അരവിന്ദാക്ഷൻ

• "കൊറേ മരങ്ങളൊക്കെ നിൽക്കുന്ന സ്ഥലമാ. വെലയല്ല, ആ മരങ്ങളൊക്കെ സംരക്ഷിക്കപ്പെടണമെന്നാ അതിന്റെ ഉടമസ്ഥർക്ക്." - രാജൻപിള്ള

പ്രകൃതിയോടുള്ള അഗാധമായ സ്നേഹമാണോ 'ഹരിതമോഹനം' എന്ന കഥയെ ഹൃദയസ്പർശിയാക്കുന്നത്? കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി ഉപന്യാസം തയാറാക്കുക.

16. "സമൃദ്ധി മുറ്റിടുംതോറും കുനിയുകെന്നറിവുറ്റാ-
രനധ്യായം പഠിപ്പിച്ചതതിനെച്ചുണ്ടി."

പാഠപുസ്തകങ്ങൾ നൽകുന്ന അറിവിനേക്കാൾ കരുത്തുള്ളതാണ് പ്രകൃതിയിൽനിന്ന് കിട്ടുന്ന അറിവുകൾ. 'അതേ പ്രാർഥന' എന്ന കവിതയിലെ ആശയം ഉൾപ്പെടുത്തി പ്രകൃതി നൽകുന്ന പാഠങ്ങൾ' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

17. ആശയം, ആസ്വാദനാംശങ്ങൾ എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

**വീഴാത്ത പൂവ്**

വേലിപ്പടർപ്പിലൊരു പൂവുണ്ട്,
വഴിയെ പോകുന്നവർക്കെല്ലാം
മഞ്ഞുനീരിൽ കുതിർന്ന മന്ദസ്മിതം
കൈമാറുന്ന ചെറിയ പൂവ്.
കാറ്റിന് അതിന്റെ വാസന ഇഷ്ടമല്ല
പാവം തോന്നിയിട്ടായിരിക്കണം,

ആരും അതിനെ നുള്ളിയെടുക്കാറുമില്ല.
സ്കൂൾക്കുട്ടികൾക്കും വിലാപയാത്രക്കാർക്കും
കാർബൺ കമ്പിനിയിലെ സൈറൺ വിട്ടിറങ്ങുന്നവർക്കും
ഒരേ ചിരി സമ്മാനിച്ചുകൊണ്ട്
അതങ്ങനെ നിൽക്കും.
ആവഴി പോകാറുള്ള
ഭ്രാന്തൻ വേലായുധനോ
പാത്തുമ്മായുടെ ആടോ, എന്തോ
അതിനെ ഇതുവരെ ശ്രദ്ധിച്ചിട്ടില്ല.
പട്ടുചിറക് ധരിച്ച ശലഭങ്ങളൊന്നും
ആ വേലിപ്പടർപ്പിലേക്ക്
പറന്നിറങ്ങാറുമില്ല.

. . . . . . . . . . . . . . . . . . . . . . . . . . . . . . . . .

പൂവിനിപ്പോഴും വലിയ നാണമാണ്
പേര് ചോദിച്ചാൽ പറയാതെ,
അതേ മന്ദസ്മിതമാണ്.

**മോഹനകൃഷ്ണൻ കാലടി**